**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 190 26.02.2018-ൽ മറുപടിക്ക്**

## മലബാർ ക്യാൻസർ സെന്റർ

| **ചോദ്യം** | **മറുപടി** |
|---|---|
| **ഡോ.എം. കെ. മുനീർ**<br>**ശ്രീ.ടി.എ.അഹമ്മദ് കബീർ**<br>**ശ്രീ.മഞ്ഞളാംകുഴി അലി**<br>**ശ്രീ.സി.മമ്മൂട്ടി** | **ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ**<br>(ബഹു. ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | മലബാർ മേഖലയിൽ ക്യാൻസർ രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചു വരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | എ) | 2001 മുതൽ 2018 ജനവരി 31 വരെ ചികിൽസയ്ക്കെത്തിയ രോഗികളുടെയും, തുടർ ചികിൽസയ്ക്കായി എത്തിയവരുടേയും കണക്കുകൾ പ്രകാരം കാൻസർ രോഗം വർദ്ധിച്ചു വരുന്നു എന്നു കാണുന്നു. മലബാർ കാൻസർ സെന്ററിൽ ചികിൽസയ്ക്കായി എത്തിയവരുടെ സ്ഥിതി വിവര കണക്കുകൾ ചുവടെ ചേർക്കുന്നു; |

| വർഷം | രോഗികൾ | തുടർചികിൽസയ്ക്ക് എത്തിയവർ |
|---|---|---|
| 2001 | 830 | 2714 |
| 2002 | 728 | 4508 |
| 2003 | 725 | 575 |
| 2004 | 623 | 5715 |
| 2005 | 635 | 5920 |
| 2006 | 1044 | 12815 |
| 2007 | 1031 | 15469 |
| 2008 | 1071 | 14678 |
| 2009 | 1745 | 23622 |
| 2010 | 2273 | 30132 |
| 2011 | 2631 | 37323 |
| 2012 | 3192 | 49659 |
| 2013 | 3867 | 57758 |
| 2014 | 4433 | 51506 |
| 2015 | 3910 | 47869 |
| 2016 | 4392 | 52890 |
| 2017 | 4587 | 61404 |
| 2018 ജനവരി 31 വരെ | 381 | 5999 |

| | | | |
|---|---|---|---|
| ബി) | ക്യാൻസർ രോഗികളുടെ ചികിത്സയ്ക്കായി എന്തെല്ലാം ക്രമീകരണങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | ബി) | മലബാർ കാൻസർ സെന്ററിൽ താഴെപ്പറയുന്ന ചികിൽസാ സൗകര്യങ്ങൾ ലഭ്യമാണ്. |

1. ആധുനിക റേഡിയേഷൻ ചികിൽസ ലഭ്യമാക്കുന്ന ലീനിയർ ആക്സിലറേറ്റർ, എലൈറ്റ് 80 ടെലികൊബാൾട്ട് മെഷീൻ, റേഡിയോതെറാപ്പി സിമുലേറ്റർ, ബ്രാക്കിതെറാപ്പി മെഷീൻ, എന്നിവ ഉൾപ്പെടുന്ന റേഡിയേഷൻ ചികിത്സാ സൗകര്യം

2. ആധുനിക സൗകര്യങ്ങളോടുകൂടിയ ബയോ കെമിക്കൽ ക്ലിനിക്കൽ ലബോറട്ടറി, സൈറ്റോളജി, ഹിസ്റ്റോപാത്തോളജി, മൈക്രോ ബയോളജി വിഭാഗം

3. 4D സ്കാനർ, സി.ടി.സിമുലേറ്റർ, അത്യാധുനിക എം.ആർ.ഐ സ്കാനർ, സി.ടി.സ്കാൻ, 500 എം.എ.എക്സ് റേ മെഷീനും, അൾട്രാ സൗണ്ട് സ്കാനറും, ഡിജിറ്റൽ എക്സ് റേ, ഡിജിറ്റൽ മാമോഗ്രാഫിയും അടങ്ങിയ ഇമേജിയോളജി വിഭാഗം

4. ആഴ്ചയിൽ 6 ദിവസം പ്രവർത്തിക്കുന്ന ഔട്ട് പേഷ്യന്റ് വിഭാഗം

5. ബോൺമാരോ ട്രാൻസ് പ്ലാന്റേഷൻ സംവിധാനമുള്ള ഹെമറ്റോളജി & മെഡിക്കൽ ഓങ്കോളജി വിഭാഗം

6. എന്റോസ്കോപ്പി, കൊളോണോസ്കോപ്പി, ബ്രോങ്കോസ്കോപ്പി, എന്നിവ ചെയ്യാനുള്ള സജ്ജീകരണങ്ങൾ

7. രക്തത്തിലെ കോശങ്ങളെ വേർതിരിക്കുന്ന കമ്പോണന്റ് സെപ്പറേഷൻ സൗകര്യങ്ങളുള്ള ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ബ്ലഡ് ബാങ്ക്

8. ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഓപ്പറേഷൻ തിയേറ്റർ കോംപ്ലക്സ്

9. ഡേ കീമോതെറാപ്പി വിഭാഗം ഉൾപ്പെടെയുള്ള കീമോതെറാപ്പി ചികിത്സ

10. കാൻസർ രോഗികൾക്ക് സാന്ത്വന ചികിത്സ നൽകുന്ന പാലിയേറ്റീവ് കെയർ വിഭാഗം, കൂടാതെ പാലിയേറ്റീവ് ചികിത്സ തുടരുന്ന രോഗികൾക്ക് ഹോം കെയർ സർവ്വീസ് ലഭ്യമാക്കുന്നുണ്ട്.

11. മറ്റ് ആശുപത്രികളിലെ കാൻസർ രോഗികൾക്കും, ഡോക്ടർമാർക്കും, എം.സി.സി.യിലെ ഡോക്ടർമാരുമായി അവരുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ടെലിമെഡിസിൻ സംവിധാനവും പ്രവർത്തിച്ചുവരുന്നുണ്ട്.

| | | | |
|---|---|---|---|
| | | | 12. 200 രോഗികളെ കിടത്തി ചികിത്സിക്കുവാനുള്ള ഇൻപേഷ്യന്റ് ബ്ലോക്ക്<br>13. ന്യൂക്ലിയർ മെഡിസിൻ സംവിധാനം ഒരുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.<br>നേഴ്സിംഗ് കോളേജ്, ന്യൂക്ലിയർ മെഡിസിൻ ബ്ലോക്ക്, ലബോറട്ടറി ബ്ലോക്ക്, പീഡിയാട്രിക്ക് ഓങ്കോളജി ബ്ലോക്ക് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. സ്റ്റെംസെൽ യൂണിറ്റിന്റെ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. ഇതിനായുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ നടന്നു വരികയാണ്. |
| സി) | മലബാർ ക്യാൻസർ സെന്ററിനെ ആർ.സി.സി.യുടെ നിലവാരത്തിലേയ്ക്ക് ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ; | സി) | മലബാർ കാൻസർ സെന്ററിനെ ഒരു പോസ്റ്റ് ഗ്രാജ്വേറ്റ് ഓങ്കോളജി ഇൻസ്റ്റിറ്റ്യൂട്ട് ആക്കി ഉയർത്താൻ മുഖ്യമന്ത്രി ചെയർമാനായുള്ള മലബാർ കാൻസർ സെന്ററിന്റെ ഒൻപതാമത് ഗവേണിംഗ് ബോഡി മീറ്റിംഗിൽ തീരുമാനിക്കുകയും ഇതു പ്രകാരം 183 കോടി രൂപയുടെ ആദ്യ ഘട്ട പ്രൊപ്പോസൽ കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിൽ (KIIFB) സമർപ്പിക്കുകയും ചെയ്തു. തുടർന്ന് നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഭാരത് സഞ്ചാർ നിഗം ലിമിറ്റഡിനെ (BSNL) സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി) ആക്കിക്കൊണ്ട് ഗവൺമെന്റ് ഓർഡർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ തുടർ നടപടികൾ നടന്നു വരുന്നു. |
| ഡി) | എം.സി.സി. യിൽ ന്യൂക്ലിയർ മെഡിസിൻ വിഭാഗം തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ? | ഡി) | ന്യൂക്ലിയാർ മെഡിസിൻ സംവിധാനം ഒരുക്കുന്നതിനായി ഉപകരണങ്ങൾക്കുള്ള പർച്ചേയ്സ് ഓർഡർ നൽകിയിട്ടുണ്ട്. കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ചുവരുന്നു. |
| ഇ) | ഇവിടെ ക്യാൻസർ ചികിത്സയ്ക്ക് ആവശ്യമായ പുതിയ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | ഇ) | ടിഷ്യൂ ബാങ്കിംഗ്, റീജനറേറ്റീവ് മെഡിസിൻ വിഭാഗത്തിന്റെ രൂപീകരണം, PET CT സ്കാനിംഗ് സംവിധാനം എന്നീ സംവിധാനങ്ങൾ വരും വർഷങ്ങളിൽ ഏർപ്പെടുത്തുന്നതിന് ലക്ഷ്യമിടുന്നു. |

**സെക്ഷൻ ഓഫീസർ**

ൻ